# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

## അറിയിപ്പ്

One-Time-Registration വഴി അയച്ച അപേക്ഷകളിൽ പേരും, തീയതിയും ഇല്ലാത്ത ഫോട്ടോ ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികൾക്ക് One time settlement വഴി പരിഹാരം കാണുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അവസരമൊരുക്കുന്നു. .

1. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് One time settlement-നായുള്ള ലിങ്കിൽ ക്ലിക് ചെയ്ത് പേരും, ഫോട്ടോ എടുത്ത തീയതി ഇല്ലാത്തതും നിശ്ചിത Size-ൽ അല്ലാത്തതുമായ ഫോട്ടോകൾക്കുപകരം ഈ ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള ഉൾപ്പെടുത്തിയ പുതിയ ഫോട്ടോ അപ്‌ലോഡ് ചെയ്യാവുന്നതാണ്.
2. ഫോട്ടോകൾക്കായുള്ള എല്ലാ നിർദ്ദേശങ്ങളും പാലിക്കുന്നതായിരിക്കണം പുതിയ ഫോട്ടോ.
3. **ഒരു തവണ മാത്രമേ** ഇത്തരത്തിൽ ഫോട്ടോ മാറ്റാൻ അവസരം ലഭിക്കുകയുള്ളൂ എന്നതിനാൽ വളരെ ശ്രദ്ധാപൂർവ്വമായിരിക്കണം ചെയ്യേണ്ടത്. 2014 മേയ് മാസം 15 വരെയാണ് ഇതിനുള്ള അവസരം.
4. അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി കഴിഞ്ഞതും എന്നാൽ സെലക്ഷൻ നടപടികൾ ആരംഭിക്കാത്തതുമായ One-Time-Registration മുഖേന അപേക്ഷകൾ സമർപ്പിച്ച തസ്തികകൾക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.